നെയ്യാറിൻകര നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

361 [687] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര നിയോജക മണ്ഡലത്തിൽ എം.എൽ.എ. റോഡുകളുടെ ഓരോന്നിന്റേയും പണി ഏതുവരെയായിയെന്നും ഓരോന്നിന്റേയും കാര്യത്തിൽ എന്തെല്ലാം നടപടികൾ എടുത്തു എന്നും വ്യക്തമാക്കാമോ;

(ബി) ഓരോ റോഡും എത്ര കാലത്തിനകം തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(സി) ഓരോന്നിനും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക എത്രയെന്ന് പറയാമോ?

ഉത്തരം

(എ) എ.സി. റോഡിനെയും കൂരാനം കോട്ട്—മന്നംകോണം റോഡിനേയും ബന്ധിപ്പിക്കുന്ന എടാണി തുടൽ റോഡും, വഴിച്ചാൽ—അമ്പൂരി റോഡുമാണ് നെയ്യാറിൻകര നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ.

എടാണി തുടൽ റോഡ് ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ് തയ്യാറാക്കി വരുന്നു.

വഴിച്ചാൽ—അമ്പൂരി റോഡിന്റെ പണിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ഗവൺമെന്റിൽ നിന്നുമുള്ള പ്രത്യേകാനുമതിയും കൊടുത്തുകഴിഞ്ഞു. പണി ടെണ്ടർ ചെയ്യാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശവും നൽകി കഴിഞ്ഞു.

(ബി) സമയപരിധി പറയുക പ്രയാസമാണ്.

(സി) എടാണി—മുട്ടൽ റോഡിന്റെ പണിക്ക് 100 രൂപയും വഴിച്ചാൽ അമ്പൂരി റോഡിന്റെ പണിക്ക് 1,09,200 രൂപയും ഈ വർഷത്തെ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്.

നാഗാപുരം മണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

362 [688] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നാഗാപുരം മണ്ഡലത്തിലെ എം.എൽ.എ. റോഡുകളുടെ പണി ടെണ്ടർ ചെയ്ത് തുടങ്ങാനുള്ള കാലതാമസം ഒഴിവാക്കി ഒക്ടോബർ മാസം മുതൽ പണി തുടങ്ങാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

നാഗാപുരം മണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ താഴെ പറയുന്നവയാണ്.

1. കുറ്റിയാടി—മുള്ളൻകുന്ന് റോഡ്. ചെറുപുഴക്ക് കുറുകെയുള്ള പാലം ഉൾപ്പെടെ.

LIBRARY ARCHIVES Kerala Legislative Assembly